**കാർത്തികപ്പള്ളി താലൂക്കിൽ പരാതിപരിഹാര അദാലത്ത് 18ന്**

ആലപ്പുഴ: പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും അതിവേഗത്തിലും ജനസൗഹൃദപരമായും തീർപ്പുണ്ടാക്കുന്നതിന് കാർത്തികപ്പള്ളി താലൂക്കിലെ ജില്ല കളക്ടറുടെ പൊതുജന പരാതി പരിഹാര അദാലത്ത് ഓൺലൈനായി വീഡിയോ കോൺഫറന്സിലൂടെ ജൂലൈ 18നു നടത്തും. അദാലത്തിലേക്ക് അക്ഷയ സെന്റർ വഴി അപേക്ഷ നൽകിയവരിൽ സമയം അനുവദിച്ചു നൽകിയ അപേക്ഷകർ മാത്രം 18നു അവർക്ക് അനുവദിച്ച കൃത്യസമയത്ത് അവർ അപേക്ഷിച്ച അക്ഷയ സെന്ററിൽ ഹാജരായി ജില്ല കളക്ടർ എ അലക്സാണ്ടറോട് നേരിട്ട് സംസാരിക്കാം. പരാതികൾ വകുപ്പ് മേധാവികളുമായി ജില്ല കളക്ടർ വീഡിയോ കോൺഫറൻസിലൂടെ സംസാരിച്ച് പരിഹരിക്കും. അക്ഷയ സെന്റർ വഴി അപേക്ഷ സമർപ്പിച്ചവരിൽ ബാക്കിയുള്ള അപേക്ഷകരുടെ അദാലത്ത് ഓഗസ്റ്റ് ഒന്നിന് നടത്തും. തിരക്ക് ഒഴിവാക്കി അക്ഷയ സെന്ററുകളിൽ കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചും സാമൂഹിക അകലം പാലിച്ചും അദാലത്ത് നടത്തേണ്ടതിനാലാണ് ഇവ്വിധത്തിൽ ക്രമീകരണം.

**പെന്ഷന് ലഭിക്കാന് മസ്റ്ററിങ് ചെയ്യണം**

ആലപ്പുഴ: കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോര്ഡില് നിന്നും തൊഴിലാളി പെന്ഷന്, കുടുംബപെന്ഷന്, സാന്ത്വന പെന്ഷന് എന്നിവ ലഭിക്കുന്നതിന് നിര്ബന്ധമായും മസ്റ്ററിങ് ചെയ്യണമെന്ന് വെല്ഫെയര് ഫണ്ട് ഇന്സ്പെക്ടര് അറിയിച്ചു. നാളിതുവരെ മസ്റ്ററിങ് ചെയ്യാത്ത പെന്ഷന്കാര് ജൂലൈ 16 മുതല് 22 വരെ ലൈഫ് സര്ട്ടിഫിക്കറ്റ് ഹാജരാക്കണം. ലൈഫ് സര്ട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അക്ഷയയില് നിന്നും മസ്റ്ററിങ് ചെയ്യാന് കഴിഞ്ഞിട്ടില്ല എന്ന സര്ട്ടിഫിക്കറ്റ് സഹിതം വില്ലേജ് ഓഫീസര്, ഗസറ്റഡ് ഓഫീസര്, ജില്ലാ വെല്ഫെയര് ഫണ്ട് ഇന്സ് പെക്ടര് എന്നിവരെ സമീപിക്കണം.